ഒരു സ്വയംഭരണ സ്വഭാവമുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും തൃശ്ശൂർ മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ നാലു ജില്ലകളിൽ പഞ്ചായത്തിന്റെയും പൊതുജനപങ്കാളിത്തത്തോടെയും പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(1826) മൊകായി ശുദ്ധജല വിതരണ പദ്ധതി

ശ്രീ. സി. മമ്മായിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ മൊകായി ശുദ്ധജല വിതരണ പദ്ധതിയുടെ പണി എന്നാണ് പൂർത്തിയായത്;

(ബി) ഈ പദ്ധതി കമ്മിഷൻ ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് ഇതുവരെ എത്ര ലക്ഷം രൂപ ചെലവായി എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ ട്രയൽറൺ നടത്തുകയുണ്ടായോ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8/97-ൽ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു.

(ബി) ലൈൻ ചാർഡ് ചെയ്യുമ്പോൾ പമ്പിംഗ് മെയിനിലും വിതരണ ശൃംഖലയിലുമുള്ള പൈപ്പുകളിലെ ജോയിന്റുകൾ ലീക്ക് ചെയ്യുന്നതാണ് കാലതാമസത്തിന് കാരണം. ലീക്കുകൾ റിപ്പയർ ചെയ്ത് ലൈൻ സ്റ്റെബിലൈസ് ചെയ്തു വരുന്നു.

(സി) 173.29 ലക്ഷം രൂപ

(ഡി) ട്രയൽ റൺ നടത്തി.

(ഇ) 3/2000-ത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(1828) വാണിയംകുളം ശുദ്ധജല പദ്ധതി

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വാണിയംകുളം പഞ്ചായത്തിലെ പ്രദേശങ്ങളിൽ ശുദ്ധജലവിതരണത്തിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ മതിപ്പുതുക എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത് ഏതെങ്കിലും ഏജൻസികളാണോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ പണി എന്ന് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വാണിയംകുളം ഒന്നും രണ്ടും വില്ലേജുകൾക്കുവേണ്ടി ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) 361 ലക്ഷം രൂപ.

(സി)&(ഡി) 100 % കേന്ദ്ര സഹായത്തോടെയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയാണിത്. എസ്റ്റിമേറ്റ് അനുസരിച്ചുള്ള മുഴുവൻ തുകയും കേന്ദ്രസഹായമായി ലഭിക്കും. ഇതിലധികം ചെലവാകുന്ന തുക സംസ്ഥാന സർക്കാർ വഹിക്കണം. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏക ദേശം 39000 ആളുകൾക്ക് പ്രയോജനം ലഭിക്കും.

(ഇ) പദ്ധതിക്ക് എ.ആർ.പി. സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീ കാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതിക്ക് ശേഷം പഞ്ചായത്ത് സ്ഥലം ലഭ്യമാക്കു ന്നതിനനുസരിച്ച് പണി തുടങ്ങാൻ കഴിയും.

(1829) അനങ്ങനടി, തൃക്കിടിരി പഞ്ചായത്തുകളിലെ കുടിനീർ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അനങ്ങനടി, തൃക്കിടിരി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലവിതരണത്തിനായി ഏതെങ്കിലും പദ്ധതി കൾ നിലവിലുണ്ടോ;

(ബി) ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശത്തെ കുടിനീർക്ഷാമം പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവക്കോണം ബോർവെൽ പദ്ധതി(II) പാവുക്കോണം ബോർവെൽ പദ്ധതി (III) ചാത്തൻകുളം ബോർവെൽ പദ്ധതി(IV) ആർ. ഡബ്ല്യൂ.എസ്.എസ്. അനങ്ങനടി എന്നീ പദ്ധതികൾ നിലവിലുണ്ട്. തൃക്കിടിരി എന്ന പേരിൽ ഒരു ശുദ്ധജല പദ്ധതിയും നിലവിലുണ്ട്. ഇവയ്ക്കുപുറമേ കേന്ദ്ര ഗവണ്മെന്റ് ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം ചെർപ്പുളശ്ശേരിക്കും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ഒരു ബൃഹദ്പദ്ധ തിക്ക് രൂപം നൽകി വരുന്നു.

(1833) താനൂർ, തിരൂരങ്ങാടി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ, തിരൂരങ്ങാടി നിയോജകമണ്ഡലങ്ങളിലെ കുടിവെ ള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly